കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പട്ടാഴി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-9/1857/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –06/03/2019

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പട്ടാഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടാഴി ഗ്രാമപഞ്ചായത്ത് 2017-2018 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്നപ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2-5 ഖണ്ഡികയിലേയ്ക്കും , ഭാഗം 3-ലെ 3-2, 3-4 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക

യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

<u>പകർപ്പ് </u>:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-9/1857/2018തീയതി: 06/03/2019

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം**-** വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **-** വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**.)**

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-09-2017 മുതൽ 20-10-2018 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മാത്യു റോയി.കെ. പി,ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ജി.സിന്ധു | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |

| | | |
|---|---|---|
| | ശ്രീമതി. റ്റി സിന്ധു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ . സി.ചന്ദ്രപ്രകാശ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ജയകുമാരിയമ്മ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കെ.ബി.ശ്രീദേവി | 01-04-2017മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ.ജയദേവൻ പിള്ള.കെ | 01-04-2017 മുതൽ 31-03-2018 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീമതി.ഉഷാകുമാരി.സി.എസ് | 01-4-2017മുതൽ 31-03-2018 വരെ |
| വി.ഇ.ഒ – 1 | ശ്രീ.രതീഷ്.ആർ | 1-4-2017 മുതൽ 22.07.2017 FN വരെ |
| | ശ്രീമതി.ശ്രീലതാകുമാരി.കെ | 22.07.2017 AN മുതൽ 12.01.201 7 വരെ |
| | ശ്രീമതി.രജനി.പി.എസ് | 13.01.201 7 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി അല്ലി.എസ് | 01-4-2017മുതൽ 30-11-2017വരെ |
| | ശ്രീമതി ഇന്ദിരാദേവി | 01-12-201 7 മുതൽ 31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.പ്രദീപ്.കെ.എസ് | 01-4-2017മുതൽ 31-03-2018 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി എം.ആർ.വിനീതാകുമാരി | 01-4-2017മുതൽ 31-03-2018 വരെ |
| എം.ഒ. | ഡോ. വിപിൻ.കെ | 01-04-2017 മുതൽ |

| | | |
|---|---|---|
| പി.എച്ച്.സി | ഡോ.സിന്ധു ശ്രീധരൻ | 31-07 -2017വരെ<br>01.08.2017 മുതൽ<br>31.03.2018 വരെ |
| എം.ഒ., ആയുർവേദം | ഡോ.രമാദേവി | 01-04-2017 മുതൽ<br>31-07-2017 വരെ |
| | ഡോ.അപർണാ രംഗനാഥ് | 1.08.2017 മുതൽ<br>31.03.2018 വരെ |
| എം.ഒ.ഹോമിയോ | ഡോ.അഭിലാഷ്.എം | 01-04-2017<br>മുതൽ03-06-2017 വരെ |
| | ഡോ.ശ്രീകലാദേവി.എം.പി | 04-06-2017മുതൽ<br>31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ബാബു സാമുവൽ | 01-04-2017മുതൽ<br>31-03-2018വരെ |
| അസ്സിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഷിഹാബുദ്ദീൻ.എ | 01-04-2017മുതൽ<br>31-03-2018 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | വാടക ഈടാക്കാൻ അവശേഷിക്കുന്നു | 2-1 |
| 14 | കെ.എസ്.ഇ.ബി യിൽ നിന്നും വാടക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. | 2-2 |
| 15 | ഡി&ഒ ലൈസൻസ് -അപാകതകൾ | 2-3 |
| 16 | തെക്കേത്തേരി ജി.എൽ.പി.എസ് മതിൽ – പൊളിച്ച കട്ടകളുടെ ലേലം സംബന്ധിച്ച് | 2-4 |
| 17 | ഇ.എം.എസ് ഭവനപദ്ധതി -തുക ചെലവഴിക്കാതെ വി.ഇ.ഒ യുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് | 2-5 |
| | ഭാഗം 3 | |
| 18 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ-അധികം സാധനങ്ങൾ വാങ്ങുന്നതിനായി തുക ഒടുക്കു വരുത്തി | 3-1 |
| 19 | പഞ്ചായത്ത് ഓഫീസ് ഫർണിഷിംഗ്-അധിക അളവ് രേഖപ്പെടുത്തി 23,776/-രൂപ അധികം ചെലവഴിച്ചു | 3-2 |
| 20 | നിർമ്മാണത്തകരാറുള്ള പാറ്റ് മെതിയന്ത്രം വാങ്ങി പാഴാക്കിയത് ലക്ഷങ്ങൾ, കരാർ വയ്ക്കാത്തതിനാൽ തകരാർ പരിഹരിക്കാൻ കഴിയാതെ അധികൃതർ | 3-3 |
| 21 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- 4,49,177/- രൂപ ചെലവുകൾ തടസ്സപ്പെടുത്തുന്നു | 3-4 |
| 22 | ലൈഫ് മിഷൻ -ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത വ്യക്തിക്ക് സ്റ്റേജ് സർട്ടിഫിക്കറ്റില്ലാതെ ആനുകൂല്യം നൽകി | 3-5 |
| 23 | ഭവന നിർമ്മാണം പദ്ധതികൾ -പണി പൂർത്തീകരിച്ചിട്ടില്ല | 3-6 |
| 24 | തൊഴിലുറപ്പ് പദ്ധതി -നടത്തിപ്പിലെ അപാകതകൾ | 3-7 |
| 25 | ആശുപത്രിക്ക് മരുന്നു വാങ്ങൽ – മരുന്ന് ലഭിച്ചതിൽ കുറവ് | 3-8 |
| 26 | ഗാർഹിക കുടിവെള്ള കണക്ഷൻ - വാട്ടർ കണക്ഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-9 |

| | | |
|---|---|---|
| 27 | കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തുന്നതിലെ കാലതാമസം - പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കാത്ത ഓർഡിനറി ബൾബുകൾക്ക് കറന്റ് ചാർജ് നൽകുന്നു. | 3-10 |
| 28 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ-മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 3-11 |
| | ഭാഗം 4 | |
| 29 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡിപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 39 | അനുബന്ധം -1, ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | 1 |
| 40 | അനുബന്ധം -2 | 2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28.3.2017തീയതിയിലെ I(1)തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 17.3.18 തീയതിയിലെ I തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|

| | | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|
| 31/07/2018 | 29/05/2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.6.18 മുതൽ 21.6.18 വരെ | 9/1234/18/<br>17.7.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6063625 |
| വരവ് | 51308190 |
| ആകെ | 57371815 |
| ചെലവ് | 52526570 |
| നീക്കിയിരിപ്പ് | 4845245 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 9860000 | 9860000 | 8568483 | 1291517 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5172656 | 5472656 | 3929894 | 1242762 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 13345000 | 13345000 | 9313591 | 4031409 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2591000 | 2591000 | 2574445 | 16555 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 4630321 | 4630321 | 4436290 | 194031 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 2382897 | 2382897 | 1979886 | 403011 |
| സാക്ഷരത | | | | | | |
| ദുരിതാശ്വാസനിധി | | | | | | |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 22903064 | 22903064 | 22903064 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 8127 | 939115 | 947242 | 937649 | 9593 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ICDS | 888037 | 231351 | 1119388 | 470550 | 648838 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) TSC | | 0 | 402475 | 402475 | 360640 | 41835 |
| വെറ്റിനറി അടിസ്ഥാന സൌകര്യ വികസനം | | 123698 | 0 | 123698 | 0 | 123698 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3630492 | 3630492 | 4702661 (1433209 Redemption) | (-)1072149 |
| | ജില്ലാ പഞ്ചായത്ത് | 0 | 460010 | 460010 | 460000 | 10 |
| ബി ഫണ്ട് | | 0 | 135480 | 135480 | 135480 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2580367 | 8387178 | 10967545 | 6318204 | 4649341 |
| | ട്രഷറി അക്കൗണ്ട് | 2562094 | 6307000 | 8869094 | 8337267 (475418 redemption) | 531827 |
| മറ്റിനം(വിമുക്തി) | | 25000 | 12500 | 37500 | 1550 | 35950 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 243 | 59499003 | 151 | 36374406 | 87 | 5 | 62.14 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതിചെലവ് വിവരങ്ങൾ 2017-18 വർഷം വിവിധ ഫണ്ടുപയോഗിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളിലൂടെയുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 22 | 8 | 648500 | 4685495 | 72 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 136 | 71 | 27606068 | 14049851 | 50.89 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 5 | 1100500 | 825500 | 75 |
| കൃഷിഓഫീസർ | 11 | 5 | 3158582 | 1028971 | 32 |
| വെറ്റിനറി സർജൻ | 9 | 8 | 2854200 | 1193509 | 41 |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 9 | 7 | 1262786 | 1019933 | 80.7 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 259000 | 25890 | 10 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4 | 3 | 762000 | 619070 | 81 |
| എ്ച്.എം | 10 | 5 | 1177000 | 657161 | 55.8 |
| എ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 8 | 3720400 | 3083593 | 82.8 |

| | | | | | |
|---|---|---|---|---|---|
| ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 575000 | 575000 | 100 |

കാർഷിക, മൃഗസംരക്ഷണമേഖലകളിൽ ഏറ്റെടുത്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിലും വകയിരുത്തിയ തുക പൂർണ്ണമായി വിനിയോഗിക്കുന്നതിലും വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. 2017-18 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം നിലവിലുള്ള കൃഷിഭൂമിയുടെ വിസ്തൃതി 1930.73ഹെക്ടർ ആണ്. നെൽകൃഷിയുടെ തോത് 22 ഹെക്ടറിൽനിന്ന് 25 ഹെക്ടറായി ഉയർത്തുന്നതിന് ലക്ഷ്യമിട്ടിരുന്നുവെങ്കിലും മേൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. മൃഗസംരക്ഷണമേഖലയിലും ഉദ്ദേശിച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഗുണഭോക്തൃവിഹിതം ഒടുക്കുന്നതിലെ വിമുഖത പലപ്പോഴും പ്രോജക്ട് നടത്തിപ്പിനെ ബാധിക്കുന്നുവെന്ന് എക്സിറ്റ്മീറ്റിംഗിൽ ബന്ധപ്പെട്ട നിർവ്വഹണഉദ്യോഗസ്ഥരും ഭരണസമിതിയും വ്യക്തമാക്കി. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരവും സാമൂഹികവുമായ സാധ്യതകൾ കണക്കിലെടുത്ത് അനുയോജ്യമായ പ്രോജക്ടുകൾ ഏറ്റെടുക്കാനും നടപ്പാക്കാനും കാർഷിക മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി അസിസ്റ്റന്റ് എഞ്ചിനീയർ പശ്ചാത്തലമേഖലയിൽ ഏറ്റെടുത്ത പ്രോജക്ടുകളിൽ പകുതിയോളം പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയാതെ വന്നത് പ്രത്യകം ചൂണ്ടിക്കാട്ടുന്നു. ഈ മേഖലയിലെ പ്രശ്നസാദ്ധ്യതകൾ കണ്ടെത്തി പരിഹരിക്കുവാനും തുടർവർഷങ്ങളിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ പൂർണ്ണമായി നടപ്പാക്കാനും ശ്രദ്ധിക്കേണ്ടതാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന വർക്കിംഗ് ഗ്രൂപ്പിന്റെയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ക്രിയാത്മകമായ ഇടപെടീലുകൾ ഉണ്ടാകേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8,127 | 9,39,115 | 9,47,242 | 9,37,649 | 9,593 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,29,03,064 | 2,29,03,064 | 2,29,03,064 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,05,480 | 188 |
| കർഷകതൊഴിലാളി പെൻഷൻ | 39,14,900 | 11 |
| വിധവാപെൻഷൻ | 87,60,700 | 58 |
| വാർദ്ധക്യകാലപെൻഷൻ | 1,42,01,800 | 254 |
| വികലാംഗപെൻഷൻ | 24,58,400 | 9 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതയ്ക്കുള്ള പെൻഷൻ | 4,24,200 | 5 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 30,000 | 1 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.18 ക്യാഷ്യറുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9,738/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 അഭ്യന്തരനിയന്ത്രണസംവിധാനം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. നികുതിപിരിവിന്റെ കാര്യക്ഷമത ധനകാര്യസ്റ്റാന്റിംഗ് കമ്മററി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. വ്യക്തമായ അക്കൌണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ ചിട്ടയോടെ സൂക്ഷിക്കാനും ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുന്നുണ്ട്. സ്വയം പിൻവലിക്കൽ നടത്തുന്ന ചെക്കുകൾ പ്രകാരമുള്ള തുകകളിൽ ചെലവഴിക്കാൻ ശേഷിക്കുന്ന തുക പെറ്റി/സബ്സിഡിയറി കാഷ് ബുക്കിൽ ഉൾപ്പെടുത്തി

അവയുടെ വിനിയോഗം എഴുതി സൂക്ഷിക്കേണ്ടതാണെങ്കിലും ആയത് പൂർണ്ണമായും പ്രാവർത്തികമാക്കുന്നില്ല. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തിരജിസ്ററർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്ത പ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ്കണക്ടിവിറ്റി പ്ലാൻ , സോഷ്യൽമാപ്പ് ഇവ കാലികമല്ല. വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. എല്ലാവിഭാഗം ജീവനക്കാരുടേയും സേവനപുസ്തകങ്ങൾ സൂക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. കരാർ ജീവനക്കാരുടെ സേവനപുസ്തകം സൂക്ഷിക്കാത്തതിനാൽ സേവനവിവരങ്ങൾ, അനുവദിച്ച അവധിയുടെ വിവരങ്ങൾ അവധിസറണ്ടർ എന്നിവയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.10.18 -12.10.18 | 01/09/2018 | 12/10/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.10.12 -25.10.12 | 2007-08 മുതൽ 2011-12 വരെ | 01/02/2013 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3-ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ

ചുവടെ ചേർക്കുന്നവ പരിഹരിക്കുവാൻ ശേഷിക്കുന്നു.

1. ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി പരിപാലിച്ചിരുന്ന പ്രസിഡന്റ് /വി.ഇ.ഒ എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൗണ്ടിൽ A/c No. 0010020000056, പട്ടാഴി സർവ്വീസ് സഹകരണ ബാങ്ക്) 7,33,350/-രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ അവശേഷിക്കുന്നു. എന്നാൽ ഈ തുക Advance to Implimenting officers എന്ന ശീർഷകത്തിലോ ക്ലോസിംഗ് ബാലൻസിലോ ഉൾപ്പെടുത്തിയിട്ടില്ല.
2. NREGS പദ്ധതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും EFMS സ്റ്റേറ്റ്മെന്റും തമ്മിൽ 1,578/-രൂപയുടെ വ്യത്യാസം.
3. ലൈബ്രറി സെസ്സ് ഇനത്തിൽ 3500300101 എന്ന ശീർഷകത്തിൽ ലഭിച്ച തുകയിൽ നിന്നും 34,479/- രൂപ വരുമാനമാക്കി 180609901 ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
4. 2017-18 വർഷം വാസഗൃഹങ്ങൾക്കുള്ള വസ്തു നികുതി ഇനത്തിൽ 1,02,544/-രൂപ (സഞ്ചയ പ്രകാരം ) തൻ വർഷ വരവിലേക്ക് നീക്ക്പോക്ക് നടത്തേണ്ടിയിരുന്നെങ്കിലും ആയത് ചെയ്തിട്ടില്ല.
5. വസ്തു നികുതി ഇനത്തിന്റെ വിവിധ ശീർഷകങ്ങളിൽ സാംഖ്യ -സഞ്ചയ എന്നിവ പ്രകാരമുള്ള കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാടക ഈടാക്കാൻ അവശേഷിക്കുന്നു.

1.2017-18 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്കെടുത്തവർ വാടക കുടിശ്ശിക വരുത്തിയതായി കാണുന്നു.വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| റൂം നം. | വാടകക്കാരന്റെ പേര് | മാസ വാടക | ഈടാക്കിയത് | ഈടാക്കാൻ അവശേ ഷിക്കുന്നത് |
|---|---|---|---|---|
| SPSC -11 | ശ്രീ.ബിജു , പുന്നവേലിൽ | 3150 X12 | - | 37800 |
| NWC | ശ്രീ.ഷാനി.ജെ. | 4935 X 12 | 19740 | 39480 |

| | | | | |
|---|---|---|---|---|
| | ചിക്കുമൻസിൽ | | | |
| | ആകെ | | | 77280 |

വാടക ഈടാക്കുന്നതിന് കക്ഷികൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ മേൽ തുക നാളിതുവരെയും വാടകക്കാർ ഒടുക്കവരുത്തിയിട്ടില്ല. ഇതിൻമേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനെ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് റവന്യൂ റിക്കവറി നടപടിയിലൂടെ തുക ഈടാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് . ഈടാക്കാനവ ശേഷിക്കുന്ന തുക 18% പലിശ സഹിതം ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2.വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2014-15 മുതൽ 2017-18 വരെയുള്ള ഈ ഇനത്തിലെ കുടിശ്ശിക ചുവടെപ്പറയും പ്രകാരമാണ്.

| വർഷം | കുടിശ്ശിക (രൂപ) |
|---|---|
| 2014-15 | 52,407 |
| 2015-16 | 7,887 |
| 2016-17 | 6,660 |
| 2017-18 | 77,280 |

വാടക കുടിശ്ശിക ഈടാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.6 /26.10.17

## 2-2 കെ.എസ്.ഇ.ബി യിൽ നിന്നും വാടക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

പുതിയ ഷോപ്പിംഗ് കോംപ്ലക്സ് റൂം നം. 11&12 എന്നിവ കെ.എസ്.ഇ.ബിയ്ക്ക് വാടകയ്ക്ക് നൽകിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും വാടക ഈടാക്കുന്നില്ല.നിയമാനുസൃതമുള്ള വാടകക്കരാർ ചമയ്ക്കാതെയാണ് കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളത് . വാടക ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് കെ.എസ്.ഇ.ബി പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തനം ആരംഭിക്കണമെന്ന കാഴ്ചപ്പാടോടെ 2013 ൽ പഞ്ചായത്ത് നൽകിയിട്ടുള്ളതാണെന്നും ടി

സ്ഥാപനവുമായി കരാർ വയ്ക്കുന്നതിനും വാടക ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരക്കുന്നതുമാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2016-17 ലെ ഓഡിറ്റ് റിപ്പോർട്ടിലും (ഖണ്ഡിക 2-3) ഇതു സംബന്ധിച്ച് പരാമർശിച്ചിരുന്നെങ്കിലും നാളിതുവരെ തുടർനടപടി സ്വീകരിച്ചിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടേയും ഇടപെടലുകൾ ഈ വിഷയത്തിൽ അടിയന്തിരമായി ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.6 /26.10.17

## 2-3 ഡി&ഒ ലൈസൻസ് ഫീസ് -അപാകതകൾ

ഡി & ഒ ലൈസൻസ് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പട്ട അപാകതകൾ ചുവടെക്കൊടുക്കുന്നു.

ലൈസൻസ് ഫീസ് കുറവായി ഈടാക്കിയത് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ഒടുക്കി.

1. സർവ്വേ നം.166/2,166/3.166/4,166/6 ൽ ഉൾപ്പെട്ട 8 ഏക്കർ വസ്തുവിൽ പാറഖനനം നടത്തുന്നതിനുള്ള അവകാശം ശ്രീ.കൃഷ്ണമൂർത്തി .ആർ , അഞ്ജു നിവാസ് , മനക്കര എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്.2017-18 വർഷം 1000 രൂപ ലൈസൻസ് ഫീസായി ഈടാക്കിയിട്ടുണ്ട്. എന്നാൽ , മുൻവർഷ ലൈസൻസ് നം.A3-02/959/16-17 പ്രകാരം 5000 രൂപ ലൈസൻസ് ഫീസായി ഈടാക്കിയിരുന്നു. മുൻവർഷത്തെക്കാളും കുറവായി ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കാരണം വ്യക്തമല്ല. നിരക്ക് കുറച്ചതിന് അടിസ്ഥാനമാക്കിയ സർക്കാർ നിർദ്ദേശങ്ങളോ ഉത്തരവുകളോ ഉണ്ടെങ്കിൽ ആയതു ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിയുടെ അടിസ്ഥാനത്തിൽ 30.10.2018 ലെ രസീത് നം. 15533/52 പ്രകാരം കുറവ് വന്ന തുക,4000/- രൂപ അടവാക്കിയിട്ടുണ്ട്. കുറവായി ലൈസൻസ് ഫീ ഈടാക്കാനുണ്ടായ സാഹചര്യം അന്വേഷിച്ച് നടപടി എടുക്കേണ്ടതാണ്. വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

2. 9-ാം വാർഡിൽ കെട്ടിട നം. 315-ൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പ് നടത്തുന്നതിനുള്ള ലൈസൻസ് ശ്രീമതി.അജിതകുമാരിക്ക് നൽകിയിട്ടുണ്ട്. ടിയാൻ സമർപ്പിച്ച അപേക്ഷയിൽ ഒരു ദിവസത്തെ വിറ്റുവരവ് 80,000/- രൂപയായി രേഖപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് ഫീസായി 1,000/- രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസ ൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 2 പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ നിശ്ചയിക്കാവുന്ന

ഫീസ്( 50000 മേൽ 100000 വരെ ) 2,000/- രൂപ ആയതിനാൽ ടി തുക ഈടാക്കേണ്ടതാണ്. ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയതിനെ തുടർന്ന് എൻക്വയറി 118010101787/31.10.18ലെ രസീത് നം. പ്രകാരം തുക അടവാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. 9/145 ൽ തടിമിൽ നടത്തുന്നതിന് ശ്രീ.മധുസൂദനൻ നായർ, അയണിമൂട്ടിൽ കിഴക്കതിൽവീട് എന്ന വ്യക്തി അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ തൻവർഷം ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ ടിയാൻ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

4.ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി നം. 11/31.10.2018

## 2-4 തെക്കേത്തേരി ജി.എൽ.പി.എസ് മതിൽ -പൊളിച്ച കട്ടകളുടെ ലേലംസംബന്ധിച്ച്

തെക്കേത്തേരി ജി.എൽ.പി.എസ് മതിൽ നിർമ്മാണത്തിന്റെ ഭാഗമായി പഴയമതിൽ പൊളിച്ചുമാറ്റിയപ്പോൾ ലഭിച്ച കട്ടകൾക്ക് എൽ.എസ്.ജി.ഡി അസി. എഞ്ചിനീയർ 2,380/-രൂപ വാല്യൂവേഷൻ നിശ്ചയിച്ചുനൽകി. മേൽ ഇനം ലേലം ചെയ്യാൻ ഹെഡ്മാസ്റ്ററെ ചുമതലപ്പെടുത്തി 16/6/17 ലെ കമ്മറ്റി V(12) നമ്പരായി തീരുമാനം കൈക്കൊണ്ടു. എന്നാൽ കട്ടകൾ ലേലം ചെയ്തതിന്റെ ഫയൽ ഓഡിറ്റിന് ഹാജരാക്കിയില്ല. മേൽ വിഷയം ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വാല്യൂവേഷൻ തുകയായ 2,380/- രൂപ രസീത് നം.118010101789/31.10.18 പ്രകാരം ഒടുക്കുവരുത്തി. ലേലഫയൽ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.-11/31.10.18

## 2-5 ഇ.എം.എസ് ലോൺതുക ചെലവഴിക്കാതെ ശേഷിക്കുന്നു

ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതിയ്ക്കായി പട്ടാഴി സർവ്വീസ് സഹകരണബാങ്കിൽ നിന്നും 1കോടി രൂപ വായ്പ എടുത്തിരുന്നതിൽ നിന്നും 7,33,350/-രൂപ വി.ഇ.ഒ, പ്രസിഡന്റ് എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൌണ്ടിൽ (നം-0010020000056) ചെലവഴിക്കാതെ ശേഷിക്കുന്നു. ഗ്രാമപഞ്ചായത്തിൽ മേൽ ലോണിന്റെ തിരിച്ചടവിനായി 2017-18 വർഷം ശേഷിച്ച 1103157/-രൂപയിൽ 5 ലക്ഷം രൂപ 18-19 ൽ തിരിച്ചടച്ചിട്ടുണ്ട്. ഇനി 6,03,157/-രൂപ മാത്രമാണ് മുതൽ ഒടുക്കുവാനുള്ളത്. വിനിയോഗിക്കാതെ ശേഷിക്കുന്ന തുകയിൽ

നിന്നും ലോൺ മുതലിനത്തിൽ തിരിച്ചടയ്ക്കാൻ ശേഷിക്കുന്ന തുക ആ ഇനത്തിൽ ഒടുക്കേണ്ടതും ശേഷിക്കുന്ന തുക സർക്കാരിന്റെ അനുമതിയോടെ പലിശ ഇനത്തിൽ വരവ് വയ്ക്കാനോ അല്ലാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കാനോ ഉള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ആവശ്യത്തിനുപരിയായി ലോൺ എടുക്കുകയും പലിശഇനത്തിൽ സർക്കാരിന് അധികബാദ്ധ്യതയുണ്ടാക്കുകയും ചെയ്ത വിശദീകരണം ഉണ്ടാകേണ്ടതും സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ-അധികം സാധനങ്ങൾ വാങ്ങുന്നതിനായി തുക ഒടുക്കു വരുത്തി

നിർവഹണോദ്യോഗസ്ഥൻ-ഗ്രാമപഞ്ചായത്ത് സെക്രട്ടറി

പദ്ധതി നം-54/17-18

അടങ്കൽ തുക-19,80,000/- രൂപ (CFC)

ചെലവ് തുക-19,79,316 ( ബിൽ2 നം./തീയതി -5/17-18/6.1.18)

പ്രസ്തുത പദ്ധതി പ്രകാരം 13 വാർഡുകളിലെ വിവിധ പ്രദേശങ്ങളിൽ 22.4 കി.മീ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.സി.ബി കൊട്ടാരക്കരയുടെ എസ്റ്റിമേറ്റ് പ്രകാരം 19,79,316/-രൂപ ഒടുക്കു വരുത്തിയിട്ടുണ്ട്. എന്നാൽ സബ് എഞ്ചിനീയർ, ഇലക്ട്രിക് സെക്ഷൻ, പട്ടാഴി നൽകിയ ഓരോ വാർഡുകളിലേയും വിശദമായ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വാർഡുതല എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ എണ്ണം ഇനങ്ങൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും ആയത് പ്രകാരം തുക ഒടുക്ക് വരുത്തുകയും ചെയ്തു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | എക്സിക്യൂട്ടീവ് എഞ്ചിനീയർ,കെ.എസ്.സി.ബി കൊട്ടാരക്കരയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ളത് | വാർഡുതല എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ളത് | വ്യത്യാസം | അധികം നൽകിയത് |
|---|---|---|---|---|
| Clamp GI for LT Cross Arm | 784 E @83 | 693E | 91@83 | 7553 |
| Cross ArmGI2 | 784 E @ 190 | 693E | 91@ 190 | 17290 |

| | | | | |
|---|---|---|---|---|
| Line | | | | |
| PIN INSULATOR 415V SET | 470 SET @ 57 | 438 SET | 32 @ 57 | 1824 |
| SHACKLE INSULATOR 415V SET | 314 SET @ 60 | 52 SET | 52 @ 60 | 3120 |
| | | | ആകെ | 29787 |

വാർഡുതലത്തിൽ ആവശ്യമുള്ള ഇനങ്ങൾ ഉറപ്പുവരുത്താതെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.സി.ബി കൊട്ടാരക്കരയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും ഒടുക്കു വരുത്തുവാനുണ്ടായ സാഹചര്യം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പട്ടാഴി , കെ.എസ്.സി.ബി അസി.എഞ്ചിനീയർ എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച കേരള സ്റ്റേറ്റ് രഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച സ്റ്റാൻഡേർഡ് ഡാറ്റാ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റാണ് ആധികാരികമെന്നും, ടി നിരക്കിനേക്കാൾ കൂടുതലായി സാധനങ്ങൾ ആവശ്യമായി വരുന്നുണ്ടോ എന്നറിയാൻ മാത്രമാണ് വാർഡ്തല എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്നും വിശദീകരിച്ചിട്ടുണ്ട്. പ്രവർത്തിക്ക് വാർഡുതലത്തിൽ ആവശ്യമായ സാധനങ്ങൾ വാർഡ് തല എസ്റ്റിമേറ്റിലൂടെ കണക്കാക്കിയതിനെ അടിസ്ഥാനപ്പെടുത്തി മറ്റിനങ്ങളെല്ലാം നിർവ്വഹിക്കുകയും വാർഡുതലത്തിൽ കുറവ് രേഖപ്പെടുത്തിയും ഇനങ്ങൾക്കു മാത്രം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് സ്വീകരിക്കുകയും ചെയ്തത് ഏകീകൃതമായ മാനദണ്ഡപ്രകാരമല്ല എന്ന് വിലയിരുത്തുന്നു. വാർഡുതലത്തിൽ പരിശോധനനടത്തി ആവശ്യകത ബോദ്ധ്യപ്പെട്ട് തയ്യാറാക്കുന്ന അവശ്യസാധനങ്ങളെ അടിസ്ഥാനപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി പൂർത്തീകരിക്കാനും നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം-8/26.10.18)

## 3-2 പഞ്ചായത്ത് ഓഫീസ് ഫർണിഷിംഗ്-അധിക അളവ് രേഖപ്പെടുത്തി 23,776/-രൂപ അധികം ചെലവഴിച്ചു

നിർവ്വഹണം-അസി.എഞ്ചിനീയർ

പ്രോജക്ട് നം-178/17

എഗ്രിമെന്റ്-നം.70/AE/LSGD/PZHY/15-16/5.2.16

ലോകബാങ്ക് ധസഹായം-499080/-

ബിൽ നം- 34/28.12.18—400000/-,35/28.12.18—12089/-

പഞ്ചായത്ത് ഓഫീസ് ഫർണിഷിംഗിനായി കേരള സ്റ്റേറ്റ് റബ്ബർ കോഓപ്പറേറ്റീവ് ലിമിറ്റഡിൽ നിന്നും ഹാജരാക്കിയ മേൽ ബില്ലുകൾ പ്രകാരം ആകെ 23.5 സക്വയർമീറ്റർ പാർട്ടിഷൻ ചെയ്തതിന് 3,885/-രൂപ നിരക്കിൽ 91,297.5/- രൂപ ചെലവ്ചെയ്തു. എന്നാൽ 31.10.2018-ൽ എൽ.എസ്.ജി.ഡി അസി.എഞ്ചിനീയറിന്റെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധനനടത്തി അളവുകൾ ബോദ്ധ്യപ്പെട്ടതിൻപ്രകാരം പാർട്ടിഷൻ നടത്തിയിട്ടുള്ളത് 4 ഡോർകഴികെ 17.38 $m^2$ ൽ മാത്രമാണെന്ന് ബോദ്ധ്യപ്പെട്ടത് എ.ഇ.സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ ഇനത്തിൽ 6.12 sqm ന്3,885/- രൂപ നിരക്കിൽ 23,776.2/-രൂപ അധികം ചെലവഴിച്ചു. അധികം നൽകിയ തുക മേൽസ്ഥാപനത്തിൽ നിന്നോ പ്രവൃത്തിയുടെ അളവ് ബോദ്ധ്യപ്പെടാതെ തുക അനുവദിച്ചുനൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.മേൽ വിഷയം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മേൽപ്രവൃത്തിയിലുൾപ്പെടുത്തി 4 ഡോറുകൾ സ്ഥാപിച്ചെങ്കിലും 3 എണ്ണത്തിന്റെ ബിൽമാത്രമാണ് സ്ഥാപനം സമർപ്പിച്ചതെന്നും അധികമായി സപ്ലൈചെയ്ത ഒരു ഡോറിന്റെ വിലകഴികെ (13136/-)യുള്ള തുക സ്ഥാപനത്തിൽനിന്ന് ഈടാക്കുന്നതാണെന്നും മറുപടി നൽകി. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം 3 ഡോറുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ആയതിനാൽ മറുപടി അംഗീകരിക്കത്തക്കതല്ല. അധികം നൽകിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

എൻക്വയറി നം. -10/30.10.2018

അധിക ചെലവ് -23,776/-

## 3-3 നിർമ്മാണത്തകരാറുള്ള പാറ്റമെതിയന്ത്രം വാങ്ങി പാഴാക്കിയത് ലക്ഷങ്ങൾ, കരാർ വയ്ക്കാത്തതിനാൽ തകരാർ പരിഹരിക്കാൻ കഴിയാതെ അധികൃതർ

| | | | | |
|---|---|---|---|---|
| പദ്ധതി നമ്പർ | | | എസ്.0182/2017-2018 | |
| പേര് | | | പൊലിയോ പൊലി | |
| സാമ്പത്തിക വിശകലനം | അടങ്കൽ | വികസന ഫണ്ട് | 49,990 | 384190/- |
| | | തനത് ഫണ്ട് | 3,010 | |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 2,00,000 | |

| | | | | |
|---|---|---|---|---|
| | | ഗുണഭോക്തൃ വിഹിതം | 28,200 | |
| | ചെലവ് | ജില്ലാ പഞ്ചായത്ത് വിഹിതം | 85,000<br>(ചെക്ക് നമ്പർ 1437657/28.03.2018) | 185,000 |

2017-2018 വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പൊലിയോ പൊലി പദ്ധതിയുടെ ഭാഗമായി വാങ്ങിയ പാറ്റ് മെതിയന്ത്രമാണ് പാറ്റാനും മെതിക്കാനും കഴിയാതെ ഉപയോഗശൂന്യമായിരിക്കുന്നത്.

കൃഷി ഭവനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന പാടശേഖര സമിതികൾ, ഏലാ വികസന സമിതികൾ എന്നിവർക്ക് കൊയ്ത്തിനു ശേഷം മെതിയ്ക്കുന്നതിനും പാറ്റുന്നതിനുമായാണ് പാറ്റ് മെതിയന്ത്രം വാങ്ങിയത്. പദ്ധതിയുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഒരു യൂണിറ്റിന് 1,40,60/- രൂപ നിരക്കിൽ രണ്ട് യന്ത്രങ്ങൾ വാങ്ങുന്നതിനായാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഒരു യന്ത്രം 1,50,000/- രൂപ നിരക്കിലാണ് വാങ്ങിയിരിക്കുന്നത്. ഈ പദ്ധതിയിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി 85,000/- രൂപയും മാത്രമേ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളൂ. മറ്റ് ചെലവ് വിശദാംശങ്ങശങ്ങൾ ( ഗുണഭോക്തൃവിഹിതം 15,000/- , വികസന ഫണ്ട് 49,990/- എന്നിവയുടെ ചെലവ് ക്യൂ ബിൽ ആയതിനാൽ 2018-2019 സാമ്പത്തിക വർഷമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.)

2.ഗുണഭോക്തൃ വിഹിതമായി 14,100/- രൂപ ഒരു എലാസമിതി/പാടശേഖര സമിതി തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ അടയ്ക്കുന്നതിന് വിഭാവനം ചെയ്തിരുന്നുവെങ്കിലും ആകെ 15,000/- രൂപയാണ് തദ്ദേശ സ്വയംഭരടണ സ്ഥാപനത്തിൽ അടവാക്കിയിരിക്കുന്നത് (രസിത് നമ്പർ 117010104056 തീയതി 20.03.2018) അതിന്റെ ചെലവ് വിശദാംശങ്ങശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3.കേരളാ ആഗ്രോ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കയ്ക്കോയിൽ) നിന്നുമാണ് പാറ്റ് മെതിയന്ത്രം വാങ്ങിയിട്ടുള്ളത്. (ബിൽ - സീരിയൽ നമ്പർ ക്യൂ-836/17-18 തീയതി -19.03.2018)

4.കൃഷി ഓഫീസറുടെയും ഏലാ വികസന സമിതി സെക്രട്ടറി ശ്രീമതി.ഐഷാ ബീവിയുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ യന്ത്രം തുടക്കത്തിലേതന്നെ നിർമ്മാണത്തിലെ അപാകത കാരണം പ്രവർത്തിപ്പിക്കാൻ

കഴിഞ്ഞിട്ടില്ല എന്ന് വ്യക്തമാക്കിയി.

5.കേരള ആഗ്രോ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷനും കൃഷി ഓഫീസറും തമ്മിൽ യന്ത്രം വാങ്ങിയതിനോ തുടർ പ്രവർത്തനങ്ങൾക്കോ അറ്റകുറ്റപ്പണികൾക്കോ കരാറിൽ ഏർപ്പെട്ടിട്ടില്ല.

6.യന്ത്രത്തിന് വാറണ്ടി/ഗ്യാരന്റി രേഖകളില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ പാറ്റ് മെതിയന്ത്രത്തിന് 1,50,010/- രൂപയാണ് ചെലവായതെന്നും അത് 2018-2019 സാമ്പത്തിക വർഷത്തിലാണ് നൽകിയതെന്നും ആയതിന്റെ രേഖകൾ 2018-2019 ഓഡിറ്റ് വേളയിൽ ഹാജരാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കെയ്ക്കോ ബില്ലുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത് എന്നും യന്ത്രത്തിന്റെ അപാകതകൾ സംബന്ധിച്ച് കൊട്ടാരക്കര ആഗ്രോ ഇൻഡസ്ട്രീസിന്റെ റീജിയണൽ മാനേജരുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടെന്നും നന്നാക്കി നൽകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ പാറ്റ് മെതിയന്ത്രം ലഭ്യമാക്കിയ സമയം കൊയ്ത്ത് സമയമല്ലാത്തതിനാലാണ് ഈ യന്ത്രം പരിശോധിക്കാൻ കഴിയാതിരുന്നതെന്നുമുള്ള കൃഷി ഓഫീസറുടെ മറുപടി ഉത്തരവാദിയായ ഒരു നിർവ്വഹണോദ്യോഗസ്ഥനിൽ കൂടാതെ എഗ്രിമെന്റ് ചമയ്ക്കാത്തതിനെക്കുറിച്ച് മറുപടിയിൽ വ്യക്തമാക്കിയിട്ടുമില്ല. പാറ്റ് മെതിയന്ത്രം പ്രവർത്തിക്കാത്തതിനാൽ ഈ ഇനത്തിൽ 2017-2018 ചെലവാക്കിയ തുക 85,000/- രൂപ തടസ്സപ്പെടുത്തുന്നു. യന്ത്രം പ്രവർത്തിപ്പിക്കുന്നതിനാശ്യമായ നടപടികൾ സ്വീകരിക്കുകയോ പുതിയ യന്ത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. കാർഷിക മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് ഇതുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മോണിട്ടർ ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 03/24.10.2018)

തടസ്സപ്പെടുത്തിയ തുക – 85,000/-രൂപ





## 3-4 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-4,49,177/-രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു

2017-18 വർഷം വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണോ ദ്യോഗസ്ഥൻ | പദ്ധതി , നം | അടങ്കൽ തുക | ചെലവ് തുക | ബിൽ നം/ തീയതി | തടസ്സം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| വെറ്റിനറി സർജൻ | കന്നുകുട്ടി പരിപാലന പദ്ധതി (38/18) | 203125 (പ്ലാൻ) 243750 (സംസ്ഥാന വിഹിതം) 40625 (തനത് ഫണ്ട്) | 203125 40625 | 4/17-18/ 19.1.18 7540670/ 27.12.17 | 2,43,750 | കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയത്. |
| ഹെഡ്മാസ്റ്റർ | സ്കൂളുകൾക്ക് വാട്ടർ കണക്ഷൻ (124/18) | 100000 (CFC) | 44000 | 3/17-18/ 17.1.18 | 44,000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, കൊട്ടാരക്കര |
| സെക്രട്ടറി | അങ്കണവാടി കൾക്ക് വാട്ടർ കണക്ഷൻ (17/18) | 20000 (പ്ലാൻ) 200000 (CFC) | 19326 160672 --------- 1,79,998/- | 23/17-18/ 28.11.17 24/17-18/ 6.1.18 | 45,277 | 86,88,90, 95,96,98 എന്നീ അങ്കണവാടി കളിൽകുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്ക ന്നതിനായി 180000/- രൂപ കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ ഒടുക്ക വരുത്തി. 3.10.2018ലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റിയുടെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 21.4.2018 ൽ പണി ആരംഭിക്കുകയും 27.4.2018 ൽ പണി പൂർത്തീകരിക്കുകയും ആകെ 134773 രൂപ ചെലവഴിക്കുകയും ചെയ്തതായി രേഖപ്പെടുത്തി യിരിക്കുന്നു. ചെലവഴിക്കാതെ 45277/-രൂപ അവശേഷിക്കുന്നു. ഏതൊക്കെ അങ്കണവാടി കളിൽ പണി ചെയ്തു എന്നതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തി യിട്ടില്ല. |
| ഐ.സി. ഡി.എസ് സൂപ്പർ വൈസർ | ശാരീ രിക വെല്ലു വിളികൾ നേരിടു ന്നവർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ (26/18) | 10000 (പ്ലാൻ) | 100000 | 10/ 17-18/ 28.2.18 | 1,00,000 | പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന് നൽകി |
| ഹെഡ്മിസ്ട്രസ് | പത്താംതര തുല്യതാ പരീക്ഷാഫീസ് നൽകൽ (125/18) | 40,000 (തനത് ഫണ്ട്) | 3,900<br>12,250 | 092075/21.3.18<br>092076/21.3.18 | 16,150 | കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പരീക്ഷ പാസായ തിന്റെ വിശദാം ശങ്ങൾ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ലഭ്യമല്ല. |
| | | ആകെ തടസ്സം | | | 4,49,177/- | |

വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക-4,49,177/-രൂപ

ഓഡിറ്റ് എൻക്വയറി നം. -8/27.10.2018

## 3-5 ലൈഫ് മിഷൻ -ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത വ്യക്തിക്ക് സ്റ്റേജ് സർട്ടിഫിക്കറ്റില്ലാതെ ആനുകൂല്യം നൽകി

പദ്ധതി നം-280/18

അടങ്കൽ തുക-7,76,667(പ്ലാൻ)&810000/-(ബ്ലോക്ക് വിഹിതം)

ചെലവ് തുക-3,93,333(23/17-18/26.3.18)&450000(1437651/26.2.18)

നിർവഹണോദ്യോഗസ്ഥൻ- വി.ഇ.ഒ

ലൈഫ് മിഷൻ പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നതിന് തുക നൽകൽ പദ്ധതിയിൽ (നം.280/18) ആനുകൂല്യത്തിന് അർഹനായ ദിലീപ്, അയണിക്കുന്നിൽ, മീനം (വാർഡ് നം.3) എന്ന ഗുണഭോക്താവ് 2010 ൽ ഭവന നിർമ്മാണത്തിനായി എഗ്രിമെന്റ് വയ്ക്കുകയും ആദ്യ ഗഡുവായി 52,500/- രൂപ (ചെക്ക് നം.028557/19.3.12) കൈപ്പറ്റുകയും ചെയ്തിരുന്നു. തുടർന്ന് വീട് പണി നടത്താത്ത സാഹചര്യത്തിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആനുപാതിക തുകയായ 2,80,000/- രൂപ അനുവദിക്കുന്നതിനായി എഗ്രിമെന്റ് വയ്ക്കുകയും മൂന്നു തവണകളായി 2,70,000/- രൂപ അനുവദിക്കുകയും ചെയ്തു.തുക അനുവദിച്ചതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| തുക | ചെക്ക് നം ,തീയതി |
|---|---|
| 70,000 | 1437651/26.2.18 |
| 1,00,000 | 23/17-18/26.3.18 |
| 1,00,000 | 1/18-19/16.5.18 |

എന്നാൽ പ്രാദേശിക പരിശോധനയിൽ വീടിന്റെ അടിസ്ഥാനം മാത്രം പൂർത്തീകരിച്ചിട്ടുള്ളുവെന്ന് വ്യക്തമായി. ഒന്നാംഘട്ടം മാത്രം പണി പൂർത്തീകരിച്ച വ്യക്തിക്ക് ഭവന നിർമ്മാണത്തിന്റെ സ്റ്റേജുകൾ നോക്കാതെ 2,70,000/- രൂപ

അനുവദിച്ച് നൽകുകയാണുണ്ടായത്.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് രണ്ടാം ഗഡു ഉപയോഗിച്ച് തടിപ്പണി ചെയ്തുവെന്നാണ്. കൂടാതെ ജില്ലാ കളക്ടറുടെ യോഗത്തിൽ സാമ്പത്തിക പരിമിതി മൂലം പണി തടസ്സപ്പെടുത്തരുതെന്ന നിർദ്ദേശവുമുണ്ടായിരുന്നുവെന്നും പറഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ ഗുണഭോക്താവും അയൽക്കാരും തമ്മിൽ തർക്കം ഉടലെടുക്കുകയും പണി തുടരാൻ കഴിയാത്ത സാഹചര്യമുണ്ടാവുകയും ചെയ്തുവെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഗുണഭോക്താവിനെ കൊണ്ട് പണി പൂർത്തീകരിക്കാൻ പരമാവധി ശ്രമിക്കാമെന്നും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളാമെന്നും അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യങ്ങളാൽ ടി വ്യക്തിക്ക് അനുവദിച്ച് നൽകിയ 2,70,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗുണഭോക്താവിനെ കൊണ്ട് പണി പൂർത്തീകരിക്കുകയോ, അല്ലാത്ത പക്ഷം തുക നാളിതുവരെയുള്ള പിഴപ്പലിശ സഹിതം ഈടാക്കി ഒടുക്കു വരുത്തുകയോ ചെയ്യേണ്ടതാണ്.

(തടസ്സപ്പെടുത്തിയ തുക-2,70,000/-

ഓഡിറ്റ് എൻക്വയറി നം-9/30.10.18)



**3-6** ഭവന നിർമ്മാണം പദ്ധതികൾ -പണി പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ വിവിധ ഭവന നിർമ്മാണം പദ്ധതികളിൽ പണി പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ

ചേർക്കുന്നു.

| പദ്ധതി നം | അടങ്കൽ തുക | ഗുണഭോക്താവിന്റെ പേര് വിവരം | നൽകിയ തുകയുടെ വിവരം | റിമാർക്സ് |
|---|---|---|---|---|
| ആശ്രയ പദ്ധതി (201/18) | 535000 (പ്ലാൻ) | അസീസ്,വട്ടവിള വീട്,പനയനം | 50000-17/16-17/17.3.17<br>60000-7/17-18/15.2.18 | |
| | | അജിത കുമാരി, കുളക്കുഴി പടിഞ്ഞാറ്റതിൽ, മരുതമൺ ഭാഗം | 50000-13/16-17/4.3.17<br>70000-7/17-18/15.2.18 | |
| ഭവന നിർമ്മാണം (204/18) | 620000(പ്ലാൻ)<br>600000(CFC) | ജയ, കൃഷ്ണ വിലാസം, ഠൌൺ | 50000-13/16-17/4.3.17<br>50000-13/16-17/17.3.17<br>40000-3/17-18/14.7.17<br>30000-1/16-17/12.1.17 | |
| | | രമാദേവി, തോയിത്തല മേലതിൽ | 70000-15.5.18 | |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 3-7 തൊഴിലുറപ്പ് പദ്ധതി -നടത്തിപ്പിലെ അപാകതകൾ

2017 - 18 സാമ്പത്തിക വർഷത്തിൽ 2094 കുടുംബങ്ങൾക്കായി 86565 മനുഷ്യദിനങ്ങൾ തൊഴിൽ നൽകി. ഇതിൽ 99 കുടുംബങ്ങൾ 100 ദിവസങ്ങൾ പൂർത്തിയാക്കി. ആകെ 2,28,50,202 /- രൂപയുടെ ചെലവ് പ്രധാനമായും ഭൂവികസനം, ഐ.എ.വൈ.ഭവന നിർമ്മാണം , ജലസ്രോതസ്സുകളുടെ സംരക്ഷണം, ജല സംരക്ഷണ പ്രവൃത്തികൾ , പി.എം.എ.വൈ പ്രവൃത്തികൾ , കിണർ നിർമ്മാണം , മൺകയ്യാല നിർമ്മാണം, കോണ്ടൂർ ബണ്ട് നിർമ്മാണം, ഐ.എച്ച്.എച്ച്.എൽ നിർമ്മാണം എന്നീ മേഖലകളിലെ പ്രവൃത്തികൾക്കായാണ് തുക വിനിയോഗിച്ചത്.

<u>പദ്ധതി നടത്തിപ്പിലെ പൊതുവായ അപാകതകൾ</u>

1.ആസ്തി സൃഷ്ടിക്കുന്നതിന് സഹായകരമായ പദ്ധതികൾ നാമമാത്രമായാണ് നടപ്പാക്കിയിട്ടുള്ളത്.

2. പി.എം.എ.വൈ/ഐ.എ.വൈ ഭവന നിർമ്മാണ പ്രവൃത്തികൾ,കിണർ

നിർമ്മാണം എന്നിവയിൽ തൊഴിലാളികളുടെ പങ്കാളിത്തം ബോധ്യപ്പെടുന്ന രേഖകൾ, ഫോട്ടോകൾ എന്നിവ സൂക്ഷിക്കുന്നില്ല .

3.പ്രവൃത്തിയുടെ ഫോട്ടോകൾ എല്ലാ ഫയലുകളിലും ഉൾപ്പെടുത്താത്തതിനാൽ , പ്രൊജക്ട് യോഗങ്ങൾ നടത്തിയതിന്റെയും , പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും സാധിക്കുന്നില്ല.

4.സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പൂർണ്ണമല്ലാത്തതിനാൽ, ആയവ ആയവ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

5.വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. അപാകതകൾ ഇല്ലാതെ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും, നടപ്പിലാക്കിയവയുടെ കൃത്യമായ മോണിറ്ററിംഗ് നടത്തുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 <u>ആശുപത്രിക്ക് മരുന്നു വാങ്ങൽ -മരുന്ന് ലഭിച്ചതിൽ കുറവ്</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, ആയുർവേദം

പ്രോജക്ട് നം.44/18

അടങ്കൽ-6,00,000/- രൂപ(മെയി.ഫണ്ട് റോഡിതരം)
ബിൽ നം. -1/17-18, 12.10.2017, ചെലവ് – 6,00,000/-രൂപ

മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ, സപ്ലൈ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ സപ്ലൈ ലിസ്റ്റിലുള്ള ചുവടെ കൊടുക്കുന്ന മരുന്നുകൾ ലഭിക്കാനുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മരുന്നിന്റെ പേര് | എണ്ണം | തുക (രൂപ) | ആകെ |
|---|---|---|---|
| ധന്വന്തരം കഷായം | 30 | 146 | 4,380 |
| മുക്കാമുക്കാടുക്കാദി ഗുളിക | 16 | 81 | 1,296 |
| ധന്വന്തരം 101ആവർത്തി | 72 | 63 | 4,536 |
| ആകെ | | | 10,212 |

മരുന്ന് ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടി ഓഡിറ്റിൽ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടിയായി ഔഷധിക്ക് കത്തു നൽകിയതായി സൂചിപ്പിച്ചിട്ടുണ്ട്. നാളിതുവരെയും മരുന്ന് ലഭ്യമാകാത്തതിനാൽ 10,212/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ലഭ്യമാക്കാത്ത മരുന്നിന് ഈടാക്കിയ

തുക തിരികെ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

തുക ഔഷധിക്ക് നൽകിയതിൽ 602 രൂപയുടെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു.ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(എൻക്വയറി നം.5/26.10.18)

## 3-9 ഗാർഹിക കുടിവെള്ള കണക്ഷൻ - വാട്ടർ കണക്ഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി നമ്പർ | എസ്.039/2017-2018 |
| പേര് | ഗാർഹിക കുടിവെള്ള കണക്ഷൻ നൽകൽ |
| ഫണ്ട് | വികസന ഫണ്ട് (എസ്.സി.പി) |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

2017-2018വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകൽ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകൾ പിരശോധിച്ചതിൽ 32 ഗുണഭോക്താക്കൾക്ക് 6,000 രൂപ വീതം കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിലേക്കായി ആനുകൂല്യം നൽതകിയിരിക്കുന്നു.

| ബിൽ നമ്പർ | തുക | ആകെ ഗുണഭോക്താക്കളുടെ എണ്ണം | കണക്ഷൻ രേഖകൾ ഹാജരാക്കിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 04/2017-2018 തീയതി 12.01.2018 | 42,000 | 07 | 01 |
| 07/2017-2018 തീയതി 27.02.2018 | 1,44,000 | 24 | 04 |
| 09/2017-2018 തീയതി 20.03.2018 | 6,000 | 01 | 01 |
| ആകെ | 1,92,000 | 32 | 06 |

പഞ്ചായത്തിരാജ്/നഗരപാലിക സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (03.04.2017ലെ സ.ഉ.(എം.എസ്.80/2017 ത.സ്വ.ഭ.വ ഖണ്ഡിക- 8.5 പ്രകാരം വാട്ടർ കണക്ഷൻ രേഖകൾ ഹാജരാക്കുന്നമുറയ്ക്കാണ് ഓരോരുത്തർക്കും സ്ബ്സിഡി തുക നൽകേണ്ടത്. എന്നാൽ ഈ പദ്ധതിയിൽ ആനുകൂല്യം നൽകിയ 32 ഗുണഭോക്താക്കളിൽ 06 ഗുണഭോക്താക്കൾക്ക് മാത്രമാണ് വാട്ടർ കണക്ഷൻ ലഭ്യമാക്കിയതിന്റെ രേഖകളുള്ളത്. മറ്റ് 26 ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | വാർഡ് | കൈപ്പറ്റിയ തുക (രൂ) |
|---|---|---|---|
| 04/2017-2018 തീയതി 12.01.2018 | | | |
| 1. | ബാബു, പുത്തൻവിള വീട്, മീനം | III | 6,000 |
| 2. | രാധാമണി, രാജീവ് ഭവൻ, മീനം | III | 6,000 |
| 3. | സരോജനി, സുജിത്ത് നിവാസ്, മീനം | III | 6,000 |
| 4. | ബുജു.കെ, ഗീതാ ഭവൻ, പട്ടാഴി | V | 6,000 |
| 5. | ബാലൻ, കോട്ടൂരഴികത്ത് വീട്, പന്തപ്ലാവ് | VII | 6,000 |
| 6. | കാളി, പുലിക്കുന്നിൽ, വടക്കേവിളവീട്, നടുത്തേരി. | IX | 6,000 |
| 07/2017-2018 തീയതി 27.02.2018 | | | |
| 7. | സതീശൻ, സതി ഭവൻ, ഏറത്ത് വടക്ക് | II | 6,000 |
| 8. | ശിവൻ കുഞ്ഞ്, ശിവ വിലാസം,പന്തപ്ലാവ്, പട്ടാഴി | V | 6,000 |
| 9. | മണി.എൻ, വീണാലയം, പന്തപ്ലാവ് | V | 6,000 |
| 10. | മണി.കെ, അജിഭവൻ, നടുത്തേരി | XI | 6,000 |
| 11. | കെ.ചന്ദ്രൻ, കുഴിതുണ്ടിൽ കിഴക്കേതിൽ, തെക്കേത്തേരി | XII | 6,000 |
| 12. | തങ്കമണി, പറങ്കിമാംവിളവീട്, കന്നിമേൽ, പട്ടാഴി | X | 6,000 |

| | | | |
|---|---|---|---|
| 13. | കുഞ്ഞുപെണ്ണ്, മാവിള വീട്, കന്നിമേൽ, പട്ടാഴി | X | 6,000 |
| 14. | കാളി, മാവിള മേലതിൽ, കന്നിമേൽ, പട്ടാഴി | X | 6,000 |
| 15. | കൊച്ചിക്ക, മാവിള മേലതിൽ, കന്നിമേൽ, പട്ടാഴി | X | 6,000 |
| 16. | രമ.പി., മാവിള മേലതിൽ, കന്നിമേൽ, പട്ടാഴി | X | 6,000 |
| 17. | ഭവാനി, മാവിള വീട്, കന്നിമേൽ, പട്ടാഴി | X | 6,000 |
| 18. | ചെല്ലമ്മ, ഗോവിന്ദൻ, മാവിള വീട് | X | 6,000 |
| 19. | രാഗിണി, മാവിള മേലതിൽ, കന്നിമേൽ, പട്ടാഴി | X | 6,000 |
| 20. | പാറുക്കുട്ടി, മാവിള മേലതിൽ, കന്നിമേൽ, പട്ടാഴി | X | 6,000 |
| 21. | ശാരദ, മാവിള മപുത്തൻവീട് കന്നിമേൽ, പട്ടാഴി | X | 6,000 |
| 22. | ശ്യാമള, സരസു ഭവൻ, കന്നിമേൽ പട്ടാഴി | X | 6,000 |
| 23. | സുജാത, പ്ലാവിള വീട്, ഏറത്ത് വടക്ക് | II | 6,000 |
| 24. | ജഗദമ്മ, പ്ലാവിള വീട്, ഏറത്ത് വടക്ക് | II | 6,000 |
| 25. | അജി.എസ്സ്. സന്താന വല്ലി, പ്ലാവിള വീട്, ഏറത്ത് വടക്ക് | II | 6,000 |
| 26. | സുനിത രാജിഭവനം, ഏറത്ത് വടക്ക് | II | 6,000 |

രേഖകൾ സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 07/27.10.2018ന് മറുപടി ഹാജരാക്കിയിട്ടില്ല. വാട്ടർ കണക്ഷൻ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ 26 ഗുണഭോക്താക്കൾക്കായി നൽകിയ തുക 1,56,000 (26 x 6000) രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വാട്ടർ കണക്ഷൻ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. റിപ്പോർട്ട് ലഭിച്ച ശേഷം അയയ്ക്കുന്ന ആദ്യമറുപടിയോടൊപ്പം ടി രേഖകൾ ഹാജരാക്കുന്ന പക്ഷം ഇത് അസിസ്റ്റന്റ് സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി ഓഡിറ്റ് ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(തടസ്സപ്പെടുത്തുന്ന തുക-1,56,000
ഓഡിറ്റ് എൻക്വയറി നമ്പർ 07/27.10.2018)

**3-10** <u>കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തുന്നതിലെ കാലതാമസം - പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കാത്ത ഓർഡിനറി ബൾബുകൾക്ക് കറൻറ് ചാർജ് നൽകുന്നു.</u>

2017-2018 വർഷത്തിൽ പട്ടാഴി ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ കൈകാര്യം ചെയ്യുന്ന രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കാത്ത ഓർഡിനറി ബൾബുകൾക്കും കറൻറ് ചാർജ് നൽകി വരുന്നതായി കെ.എസ്സ്.ഇ.ബി നൽകിയിരിക്കുന്ന സ്റ്റേറ്റ്മെന്റ് പ്രകാരം വ്യക്തമാകുന്നു.

കെ.എസ്.ഇ.ബിയുടെ ഇലക്ട്രിക്കൽ സെക്ഷൻ പട്ടാഴിയിൽ നിന്നും 29.10.2018ൽ നൽകിയ ഡീറ്റയിൽഡ് ബിൽ പ്രകാരം നിലവിൽ നൽകികൊണ്ടിരിക്കുന്ന ബില്ലിന്റെ (കൺസ്യൂമർ നം.14) വിശദ വിവരം ചുവടെ ചേർക്കുന്നു.

| തെരുവ് വിളക്കിന്റെ ഇനം | എണ്ണം | പ്രകാശിക്കുന്ന സമയം | തുക |
|---|---|---|---|
| ഓർഡിനറി 40 വാട്ട് | 411 | 12 മണിക്കൂർ | 27,126 |
| ഓർഡിനറി 60 വാട്ട് | 61 | 12 മണിക്കൂർ | 6,222 |
| ഓർഡിനറി 100 വാട്ട് | 30 | 12 മണിക്കൂർ | 5,010 |
| ഫ്ലൂറസെന്റ് ട്യൂബ് 40 വാട്ട് | 55 | 12 മണിക്കൂർ | 3,630 |
| ഫ്ലൂറസെന്റ് ട്യൂബ് 2 x 40 വാട്ട് | 50 | 12 മണിക്കൂർ | 6,700 |
| സോഡിയം വേപ്പർ ലാമ്പ് 250 വാട്ട് | 12 | 12 മണിക്കൂർ | 5,364 |
| സി.എഫ്.എൽ ആട്ടോമാറ്റിക് ഓൺ/ ഓഫ് സി.എഫ്.എൽ 2 x 11 | 85 | 12 മണിക്കൂർ | 2,720 |
| സി.എഫ്.എൽ ആട്ടോമാറ്റിക് ഓൺ/ ഓഫ് സി.എഫ്.എൽ 1 x 15 | 191 | 12 മണിക്കൂർ | 4,202 |
| എൽ.ഇ.ഡി 24 വാട്ട് | 560 | 12 മണിക്കൂർ | 11,200 |
| | | ആകെ | 72,174 |

മേൽ റിപ്പോർട്ട് പ്രകാരം 502 സാധാരണ ബൾബുകൾ ഉപയോഗിക്കുന്നതിലേയ്ക്ക് പ്രതിമാസം ഭീമമായ തുക കെ.എസ്.ഇ.ബിയ്ക്ക് നല്കുന്നുണ്ട്. എന്നാൽ നിലവിൽ സാധാരണ ബൾബുകൾ ഒന്നും പഞ്ചായത്തിൽ ഉപയോഗിക്കുന്നില്ലായെന്ന് 2017-2018 സാമ്പത്തിക വർഷം തെരുവു വിളക്ക് രജിസ്റ്റർ പരിശോധിച്ചതിൽ

നിന്നും വ്യക്തമാകുന്നു. ഇതിൽ നിന്നും കെ.എസ്.ഇ.ബി നിലവിൽ ഇല്ലാത്തതും/ ഉപയോഗിക്കാത്തതുമായ ഓർഡിനറി ബൾബുകൾക്ക് കറന്റ് ചാർജ് ഈടാക്കികൊണ്ടിരിക്കുകയാണ് എന്ന് വ്യക്തമാക്കുന്നു. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ മറുപടിയിൽ പഞ്ചായത്തിലെ 13 വാർഡുകളിൽ 11 വാർഡുകളിലും പ്രാദേശിക പരിശോധന നടത്തിക്കഴിഞ്ഞുവെന്നും 2 വാർഡുകൾ മാത്രമേ ശേഷിക്കുന്നുള്ളൂ എന്നും വ്യക്തമാക്കി. അതിന്റെ പരിശോധനാ റിപ്പോർട്ടും ഹാജരാക്കി.

ഇല്ലാത്ത 502 ഓർഡിനറി ബൾബുകൾക്ക് നിലവിൽ 38,358/- രൂപ കറന്റ് ചാർജ് ഒടുക്കിവരുന്നു. ആയതിനാൽ കെ.എസ്.ഇ.ബിയുമായുള്ള സംയുക്ത പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതും നാളിതുവരെ അധികമായി നൽകിയ കറന്റ് ചാർജ് തുക എത്രയാണെന്ന് തിട്ടപ്പെടുത്തി വരും മാസങ്ങളിലെ ബില്ലുകളിൽ ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 12/31.10.2018

## 3-11 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ-മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ വിവിധ പ്രോജക്ടുകളിലായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തുക നൽകിയെങ്കിലും മരുന്നുകൾ എല്ലാം ലഭ്യമാക്കിയിട്ടില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/ ഫണ്ടിനം. | അടങ്കൽ തുക | ബില്ല്- ചെക്ക് നം. /തീ | ചെലവ്തുക (രൂപ) | കെ.എം.എസ്.സി.എൽ പ്രോഫോമ നം.തീ | ലഭിക്കുവാനുള്ള മരുന്നിന്റെ വില (രൂപ) |
|---|---|---|---|---|---|---|
| 1. | 62/18- പാലിയേറ്റീവ് കെയർ -പൊതുവിഭാഗം | 300000 (പ്ലാൻ) 200000 (Block share) | 1437659/ 28.03.18 | 162800 | 1580/28.02.18 4598/ 28.02.18 5227/21.03.18 | 33,907 91,093 37,800 |
| 2. | 114/18-ജീവിത ശൈലിരോഗങ്ങളുടെ | 66500 (പ്ലാൻ) | 11/17-18-21.3.18 | 25961 | 3955/ 2.2.2018 | 20,675 |

| | | | | | | |
|---|---|---|---|---|---|---|
| | സ്ക്രീനിംഗ് ക്യാമ്പ് | 35000 (MGNR) | | | | |
| 3. | 101/18-മരുന്ന് വാങ്ങൽ | 400000 (MGNR) | 8/17-18-22.02.18 | 400000 | 3356/ 29.12.2017<br>878/ 29.12.17 | 32,627<br>3,67,373 |
| | | | | | ആകെ | 5,83,475 /- രൂപ |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാക്കുന്ന മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 2,00,000 | പാലിയേറ്റീവ് കെയർ | 1,98,950 | 1,050 |
| " | | 20,00,000 | വീട് മെയിന്റനൻസ് | 20,00,000 | ഇല്ല |
| " | 2017-2018 | 8,10,000 | ലൈഫ് മിഷൻ | 4,50,000 | 360000 |
| " | 2017-2018 | 3,00,000 | പാലിന് സബ്സിഡി | 3,00,000 | ഇല്ല |
| " | 2017-2018 | 1,20,000 | പോഷകാഹാര പദ്ധതി | 1,20,000 | ഇല്ല |
| " | 2017-2018 | 1,00,000 | ഭിന്ന ശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 1,00,000 | ഇല്ല |
| " | 2017-2018 | 1,00,492 | നെൽക്കൃഷി വികസനം | 1,00,492 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2017-2018 | 1,00,000 | ഭിന്ന ശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 1,00,000 | ഇല്ല |
| " | 2017-2018 | 75,000 | പാലിന് സബ്സിഡി | 75,000 | ഇല്ല |
| " | 2017-2018 | 85,010 | പൊലിയോ പൊലി | 85,000 | 10 |
| " | 2017-2018 | 2,00,000 | പോഷകാഹാര പദ്ധതി | 2,00,000 | ഇല്ല |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ | 21700859 / 21.10.17 | 6,42,811 | 6,42,811 | - |
| | തെരുവ് വിളക്ക് സ്ഥാപിക്കൽ | 21700875 /24.11.17 | 19,79,316 | - | 19,79,316 |
| കേരള വാട്ടർ അതോറിറ്റി | വാട്ടർ കണക്ഷൻ | 21700865 /13.11.17 | 1,60,672 | 1,34,773 | 45,227 |
| | | 21700864 /13.11.17 | 19,328 | | |
| കേരള വാട്ടർ അതോറിറ്റി | സ്കൂളിൽ വാട്ടർ കണക്ഷൻ | 21700885 /29.12.17 | 44,000 | - | 44,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പ | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പാ പദ്ധതി | സ.ഉ(സാ.ധാ.) 582/2010/ ത.സ്വ.ഭ.വ, തീയതി -17.02.2010 | 1,03,33,500/- | 16,03,157 | 5,00,000 | ----- | 1,10,315 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,884/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 2-5 | 150 | രാജേന്ദ്രൻ പിള്ള | 117010100164/24.4.17 |
| 2015-16 | 2-5 | 50 | രവി തങ്കപ്പൻ | 9/27635/10.1.18 |
| 2015-16 | 2-5 | 50 | വല്സലാമ്മാൾ | 10/27635/10.1.18 |
| 2015-16 | 2-5 | 325 | ഷാജിലാൽ | 81,89/27640/17.1.18 |
| 1999-2000 | 44<br>3-12 | 295<br>283 | വസന്തകുമാരി<br>എസ്.പ്രസാദ് | 117010103493/22.2.18<br>117010103494/22.2.18 |
| 1999-2000 | 27 | 228 | കെ.ഫിലിപ്പോസ് | 117010103407/16.2.18 |
| 2004-05 | 3-11 | 198 | എസ്.പ്രസാദ് | 117010103495/22.2.18 |
| 2004-05 | 3-10 | 305 | എസ്.പ്രസാദ് | 117010103496/22.2.18 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,73,71,815 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,25,26,570 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 33,988 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9,60,177 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 23,776 | ശ്രീമതി . ഉഷാകുമാരി.സി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-9 | | 10,212 | ഡോ . ജാന, മെഡിക്കൽ ഓഫീസർ, ആയുർവേദം |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 85,000 | ശ്രീ.പ്രദീപ്.കെ.എസ്, കൃഷി ഓഫീസർ, |
| 3-5 | 2,43,750 | ഡോ.ശ്യാം സുന്ദരൻ,വെറ്റിനറി സർജൻ |
| | 60,150 | എം.ആർ വിനീതകുമാരി,ഹെഡ്മിസ്ട്രസ് |
| | 45,277 | ശ്രീ ജയദേവൻ പിള്ള,സെക്രട്ടറി |
| | 1,00,000 | ശ്രീമതി.ഇന്ദിരാദേവി,ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| 3-6 | 2,70,000 | ശ്രീമതി ശ്രീലതാകുമാരി വി.ഇ.ഒ<br>ശ്രീമതി രജനി.പി.എസ് |
| 3-10 | 1,56,000 | ശ്രീ.ഷിഹാബുദ്ദീൻ, അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി | അസിസ്റ്റന്റ് | ജെ.റ്റി.എസ് |

| | | |
|---|---|---|
| ഉഷാകുമാരി.സി.എസ്. അസിസ്റ്റന്റ് എഞ്ചിനീയർ | എഞ്ചിനീയർ, കരവാളൂർ | ഭവൻ,അലയമൺ പി.ഒ,അഞ്ചൽ |
| ഡോ.അപർണാ രങ്കനാഥ് | മെഡിക്കൽ ഓഫീസർ, പട്ടാഴി | ഉദയം, പിണ്ടക്കൽ, ഉമയനല്ലൂർ.പി.ഒ, കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ന്ന ഖണ്ഡികഷിക്ക ക്കാൻ അവശേ തീർപ്പാ കളുടെ എണ്ണം |
|---|---|---|
| 1997-1998 | കെ.എസ്.എ.കെ.എൽ.എം-പി9/328 /18/23.2.18 | 44 |
| 1998-1999 | കെ.എസ്.എ.കെ.എൽ.എം-പി9/328 /18/23.2.18 | 33,34 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം-പി9/328 /18/23.2.18 | 36,41,42,43 |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം-പി9/328 /18/23.2.18 | 4 |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം-പി9/328 /18/23.2.18 | 2-4,2-5 |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം-പി9/328 /18/23.2.18 | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം-പി9/328 /18/23.2.18 | 6 ഖണ്ഡികൾ |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം-പി9/328 /18/23.2.18 | 10 ഖണ്ഡികൾ |
| 2006-2007 | എൽ.എഫ്.ക്യൂ-പി5/1389(9)2014/ | 16 ” |

| | | |
|---|---|---|
| | 24.6.2014 | |
| 2007-2008 | എൽ.എഫ്.ക്യൂ-പി5 /1389(10)2014/ 24.6.2014 | 20 ” |
| 2008-2009 | എൽ.എഫ്.ക്യൂ-പി5 /1389(11)2014/ 24.6.2014 | 9 ” |
| 2009-2010 & 2010-2011 | എൽ.എഫ്.ക്യൂ-പി5 /1389(12)2014/ 24.6.2014 | 41 |
| 2011-2012 | എൽ.എഫ്.ക്യൂ-പി5 /1475/13/ തീ.12.11.13/9.12.13 | |
| 2012-2013 & 2013-14 | എൽ.എഫ്.ക്യൂ-പി5 /1091/2015/ തീയതി.04.08.2015 | |
| 2014-15 | കെ.എസ്.എ-കെ.എൽ.എം-പി4-1160/16 തീയതി 28/07/2016 | |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി-5/216 /17-14-02-2017 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം 2017-18.

കെ.എസ്.എ. കെ.എൽ.എം - പി.9-1857/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –06/03/2019

ഓഡിറ്റ് സാക്ഷ്യപത്രം 2017-18

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പട്ടാഴി ഗ്രാമ പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.